# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3681 20/06/2019-ൽ മറുപടിക്ക്

## സ്വകാര്യലാബുകളുടെ ടെസ്റ്റിംഗ് ഫീസുകളും ചാർജ്ജുകളും ഏകീകരിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പമന്ത്രി)** | |
| എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ക്ലിനിക്കൽ ലാബുകളും എക്സ്റേ കേന്ദ്രങ്ങളും ഏതെങ്കിലും സർക്കാർ വകുപ്പിന്റെ നിയന്ത്രണത്തിനും നിബന്ധനകൾക്കും വിധേയമാണോ ; വിശദീകരിക്കുമോ; | എ) | സ്വകാര്യ ലാബുകൾ തുടങ്ങുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറുടെ നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് രജിസ്ട്രേഷൻ നിലവിൽ നടത്തുന്നത്. ഹെൽത്തി കേരളയുടെ ഭാഗമായി ജില്ലാ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിലുള്ള ടീം ലാബുകൾ പരിശോധിക്കാറുണ്ട്. പ്രസ്തുത പരിശോധനാ ടീം ഇൻഫെക്ഷൻ കൺട്രോൾ പ്രാക്ടീസസ്, ലാബ് ടെക്നീഷ്യൻമാരുടെ യോഗ്യത, ബയോ മെഡിക്കൽ വെയ്സ്റ്റ് മാനേജ്മെന്റിന്റെ കാര്യക്ഷമത, ലാബുകളുടെ മൊത്തത്തിലുള്ള ശുചിത്വം എന്നീ കാര്യങ്ങളാണ് ശ്രദ്ധിക്കുക. ഇതിൽ എന്തെങ്കിലും വീഴ്ച സംഭവിക്കുന്നുണ്ടെങ്കിൽ പ്രസ്തുത വിവരം പഞ്ചായത്ത് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ടി സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്യും. കൂടാതെ ഇനി മുതൽ ക്ലിനിക്കൽ എസ്റ്റാബ്ളിഷ്മെന്റ് ആക്ട് പ്രകാരവും ലാബുകൾ രജിസ്റ്റർ ചെയ്യപ്പെടേണ്ടതാണ്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ എക്സ്റേ കേന്ദ്രങ്ങൾ കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡിന്റെ നിയന്ത്രണങ്ങൾക്കും, നിബന്ധനകൾക്കും വിധേയമാണ്. |

| | | | |
|---|---|---|---|
| ബി) | ഇവ ഈടാക്കുന്ന ചാർജ്ജുകൾ വ്യത്യസ്ത നിരക്കിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയുടെ ടെസ്റ്റിംഗ് ചാർജ്ജുകൾ സ്ഥാപനങ്ങളിൽ പരസ്യമായി പ്രദർശിപ്പിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | ബി) | ഇത്തരം വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ടെസ്റ്റിംഗ് ചാർജ്ജുകൾ സ്ഥാപനങ്ങളിൽ പരസ്യമായി പ്രദർശിപ്പിക്കുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്ലിനിക്കൽ എസ്റ്റാബ്ളിഷ്മെന്റ് ആക്ട് 2018 പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന സ്ഥാപനങ്ങൾ ലഭ്യമായ സേവനങ്ങളും അവയുടെ നിരക്കുകളും സ്ഥാപനങ്ങളിൽ പരസ്യമായി പ്രദർശിപ്പക്കേണ്ടതാണ്. സ്ഥാപനങ്ങൾ താല്ക്കാലികമായി രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ തന്നെ സേവനങ്ങളും അവയുടെ നിരക്കുകളും ക്ലിനിക്കൽ എസ്റ്റാബ്ളിഷ്മെന്റ് വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യേണ്ടതാണ്. 2 വർഷത്തിനുശേഷം സർക്കാർ നിർദ്ദേശിക്കുന്ന നിലവാരം ആർജ്ജിച്ചതിനുശേഷം സ്ഥിരം രജിസ്ട്രേഷന് അപേക്ഷിക്കേണ്ടതാണ്. ഇതു ലഭിച്ചതിനു ശേഷം സേവന കാര്യങ്ങളിലോ , നിരക്കുകളിലോ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതാണ്. |
| സി) | സ്വകാര്യലാബുകളുടെ ടെസ്റ്റിംഗ് ഫീസുകളും ചാർജ്ജുകളും ഏകീകരിക്കുന്നതിനും പ്രസ്തുത നിരക്കുകൾ സ്ഥാപനങ്ങളിൽ രേഖപ്പെടുത്തി പ്രസിദ്ധീകരിക്കുന്നതിനും നിർദ്ദേശം നൽകി നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | സി) | സ്വകാര്യ ലാബുകളിലെ നിരക്കുകൾ നിയന്ത്രിക്കുന്നതിന് സർക്കാരിന് അധികാരം തരുന്ന നിയമം നിലവിലില്ല. എന്നാൽ കേരള ക്ലിനിക്കൽ എസ്റ്റാബ്ളിഷ്മെന്റ് ആക്ട് പൂർണ്ണമായും നിലവിൽ വന്നാൽ ആയത് പ്രകാരം നിരക്കുകൾ പ്രദർശിപ്പിക്കേണ്ടതുള്ളതിനാൽ പൊതുജനങ്ങൾക്ക് താരതമ്യ പഠനത്തിന് അവസരം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.